"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ മരണ രജിസ്ട്രേഷൻ ഡാറ്റ യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇൻഡ്യ (UIDAI) -യുമായി പങ്കിടുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1494/2025/LSGD    തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- 1. 02.04.2025 തീയതിയിലെ ജനന മരണ മുഖ്യരജിസ്ട്രാറുടെ LSGD/PD/8047/2025-CR4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ (RGI) -യുടെ സിവിൽ രജിസ്ട്രേഷൻ സിസ്റ്റം (CRS) പോർട്ടലിന്റെ ഭാഗമല്ലാത്ത സംസ്ഥാനങ്ങളിൽ നിന്ന് മരണപ്പെട്ടവരുടെ ആധാർ നമ്പർ ലഭ്യമായ കേസുകളിലെ മരണരേഖകളുടെ വിശദാംശങ്ങൾ പങ്കിടുന്നതിനായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടതനുസരിച്ച് മരണ രജിസ്ട്രേഷൻ ഡാറ്റ പങ്കിടാൻ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (UIDAI) തീരുമാനിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, സെക്ഷൻ 3(3) പ്രകാരം മരിച്ചയാളുടെ ആധാർ നമ്പർ UIDAI അവരുടെ ഡാറ്റാബേസിൽ ഫ്ലാഗ് ചെയ്യുന്നതിന് മരണ രജിസ്റ്ററിൽ നിന്നുള്ള ചുവടെപ്പറയുന്ന ഫീൽഡുകളെക്കുറിച്ചുള്ള വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ പങ്കിടുന്നതിന് അനുമതി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും ജനന മരണ മുഖ്യ രജിസ്ട്രാർ പരാമർശപ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

1. UID.
2. Name.
3. Gender (M/F/T).
4. Present Bldg.
5. Present House No.
6. Present Street Name.
7. Present Post Office.
8. VTC- (Village/Town/City)
9. Sub District.
10. District.
11. State.
12. Pin Code.
13. Permanent Bldg.

14. Permanent House No.
15. Permanent Street Name
16. Permanent Post Office.
17. PVTC- Permanent VTC
18. P Sub Dist - Permanent Sub District
19. P District Permanent District
20. P State.
21. P Pin Code.
22. DOD (Date of Death).
23. Registration Date of Death.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ (ORGI) - യുടെ സിവിൽ രജിസ്ട്രേഷൻ സിസ്റ്റം (CRS) പോർട്ടലിന്റെ ഭാഗമല്ലാത്ത സംസ്ഥാനങ്ങളിൽ നിന്ന് മരണപ്പെട്ടവരുടെ ആധാർ നമ്പർ ലഭ്യമായ കേസുകളിലെ മരണരേഖകളുടെ വിശദാംശങ്ങൾ പങ്കിടുന്നതിനായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടതനുസരിച്ച് മരണ രജിസ്ട്രേഷൻ ഡാറ്റ, 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്, സെക്ഷൻ 3(3) പ്രകാരം മരിച്ചയാളുടെ ആധാർ നമ്പർ, UIDAI അവരുടെ ഡാറ്റാബേസിൽ ഫ്ലാഗ് ചെയ്യുന്നതിന് മരണ രജിസ്റ്ററിൽ നിന്നുള്ള മേൽപ്പറഞ്ഞിരിക്കുന്ന വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ പങ്കിടുന്നതിനായി ഇൻഫർമേഷൻ കേരള മിഷന് (IKM) നിർദ്ദേശം നൽകുന്നതിന് ജനന മരണ മുഖ്യ രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാം എസ് എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജനന മരണ മുഖ്യരജിസ്ട്രാർ, തിരുവനന്തപുരം.
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ &ഇ ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി ( LSGD- RD3/53/2025-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 18-06-2025 15:04:16